# അച്ഛൻ
## ഇ. മാധവൻ

അച്ഛന് നാല്പത്തഞ്ച് വയസ്സായിരുന്നു ഞാൻ ജനിക്കുമ്പോൾ, എനിക്ക് ഇരുപത്തിനാലു വയസ്സുള്ളപ്പോൾ അച്ഛൻ ഇഹലോകവാസം വെടിയുകയും ചെയ്തു. അച്ഛന്റെ പ്രധാനപ്പെട്ട പല കൃതികളും രചിക്കപ്പെട്ട ഈ കാലഘട്ടത്തിലെ ഞങ്ങളുടെ ഗൃഹാന്തരീക്ഷവും ചുറ്റുപാടുകളും ഓർമയിൽ ആവാഹിക്കാൻ ഇവിടെ ശ്രമിക്കട്ടെ. ഒപ്പം തന്നെ അസംഗതങ്ങളല്ലെന്ന എളിയ ധാരണയിൽ, ചില നിരീക്ഷണളും. അച്ഛനെക്കുറിച്ചുള്ള ഓർമകളിൽ ഒരു ശിശിരപ്രഭാതംപോലെ കുളിർമയും പ്രഭയും വിതറുന്നത് അമ്മ തന്നെ. കിട്ടിയ 'വിൽക്കാശപ്പടി' മകന്റെ കോന്തലക്കലുടക്കിയ മാതൃസംസ്കാരത്തെ അച്ഛൻ തന്നെ സ്വന്തം കവിതയിൽ തിരിച്ചറിഞ്ഞിട്ടുണ്ട്. സ്നേഹത്തിന്റെ, ത്യാഗത്തിന്റെ വാത്സല്യത്തിന്റെ ഈ സംസ്കാരം തന്നെയാണ് അമ്മയുടെയും അച്ഛന്റെയും ബന്ധത്തിൽ അലയടിച്ചുയർന്ന് അച്ഛന്റെ കാവ്യമണ്ഡലത്തെ തഴുകി പരിപുഷ്ടമാക്കിയിരുന്നത്. ആശാന്റെയും വള്ളത്തോളിന്റെയും കവിതകൾ പകർത്തിയെഴുതിവയ്ക്കുന്നതുതന്നെ അമ്മയ്ക്ക് ഒരു ഹരമായിരുന്നു. കവിതയിൽ അത്രയധികം 'കമ്പ'മായിരുന്നു അമ്മയ്ക്ക്. 'അരുണ' തുടങ്ങിയ മാസികകളിൽ കഥകളും എഴുതി പ്രസിദ്ധീകരിച്ചിരുന്നു. കലാപരമായ തരംഗദൈർഘ്യത്തിലെ ഈ അടുപ്പമായിരുന്നു അവരുടെ ബന്ധത്തെ ഇത്രമാത്രം ദൃഢമാക്കിയിരുന്നത്. ക്രമേണ അമ്മ സ്വയംസംരംഭങ്ങൾ ഉപേക്ഷിക്കുകയും അച്ഛന്റെ കവനയജ്ഞങ്ങൾക്ക് വേണ്ടതായ ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിൽ ശ്രദ്ധിക്കുകയും ചെയ്തു തുടങ്ങി. സാന്ദ്രമായ വികാരഭാവങ്ങൾ ഉച്ചരിക്കപ്പെടാത്തതിനാലാകാം, അമ്മയുടെ ഈ ഉൾവലിയലിൽ അടങ്ങിയ ത്യാഗത്തിൽ ഞങ്ങൾക്കാർക്കും അക്കാലത്ത് ഒരു പ്രത്യേകതയും തോന്നാതിരുന്നത്. അച്ഛന്റെ ഏതു കവിതയും പൂർത്തിയായാൽ അമ്മയെക്കൊണ്ട് വായിപ്പിക്കുമായിരുന്നു. എന്റെ ബാല്യകാലസ്മരണകളിൽ എത്ര പ്രഭാതങ്ങളാണ് അമ്മയുടെ ശ്രുതിമധുരമായ കാവ്യപാരായണത്താൽ അനുഗൃഹീതമായിരിക്കുന്നത്. അച്ഛന്റെ ഓരോ കവിതയും ഗൃഹാന്തരീക്ഷത്തിൽ ഇങ്ങനെ തനതായ താളങ്ങൾ സൃഷ്ടിച്ചിരുന്നു. അമ്മയ്ക്കുശേഷം, ആ കവിതകൾ പ്രസിദ്ധീകരിക്കുന്നതിനു മുൻപ് വായിച്ചിരുന്നതും, ചിലപ്പോൾ ചർച്ച ചെയ്തിരുന്നതും അച്ഛന്റെ സ്നേഹിതരായിരുന്നു.

സ്വന്തം സാഹിത്യജീവിതത്തിൽ സ്നേഹിതരുടെ അമൂല്യമായ പങ്കിനെപ്പറ്റി അച്ഛൻ തന്നെ എഴുതിയിട്ടുണ്ടല്ലോ. 'മകന്റെ വാശി', 'വീണ്ടും ഓണം', തുടങ്ങിയ കവിതകളിൽ ചില സ്നേഹിതരുടെ അരുമയായ, നർമോദാരമായ ചിത്രങ്ങൾ കാണാം. പൊന്നാനിയിൽ വാർഷികോത്സവങ്ങൾക്ക് അരങ്ങേറാനായി അച്ഛനെക്കൊണ്ട് നാടകങ്ങൾ എഴുതിച്ചിരുന്ന, ഗ്രാമസദസ്സുകളിൽ സംസാരിക്കാൻ നിർബന്ധിച്ചിരുന്ന കുറേപ്പേരുണ്ടായിരുന്നു. അച്ഛനെ സ്വന്തമായി കരുതിയിരുന്ന അവർ സാമൂഹ്യജീവിതത്തിൽ, അതിലെ കവിതയിലും കലമ്പലിലും നട്ടം തിരിച്ചലിലും അച്ഛന്റെ ഒപ്പം തന്നെയുണ്ടായിരുന്നു. ഇക്കാരണം കൊണ്ടുതന്നെ, അച്ഛൻ നാട്ടുകാരുമായി പങ്കുവെയ്ക്കേണ്ട ഒരു പൊതുസ്വത്താണെന്ന വസ്തുതയുമായി ഞങ്ങൾ മക്കൾ ചെറുപ്രായത്തിൽ തന്നെ പൊരുത്തപ്പെട്ടുതുടങ്ങി. ഞങ്ങളെ പോറ്റുക എന്നതു കൂടാതെ അച്ഛനു വേറേയും ദൗത്യങ്ങൾ ഉണ്ടെന്ന ധാരണ അന്നേ ഉണ്ടായിരുന്നു. സാഹിത്യവുമായി വിദൂരബന്ധം പോലുമില്ലാത്ത പലർക്കും അച്ഛൻ വേണ്ടപ്പെട്ടവനായിരുന്നു ഗോവിന്ദൻനായർ ഏറ്റെടുത്താൽ അതെല്ലാം ശരിയാകും എന്നൊരു വിശ്വാസം. നേരിട്ടും കത്തുകളിലൂടെയും സമ്പർക്കം പുലർത്തിയിരുന്ന കുറെ യുവസാഹിത്യകാരന്മാരായിരുന്നു അച്ഛൻ ഇഷ്ടപ്പെട്ട മറ്റു സ്നേഹിതന്മാർ.

കവിതയും ജീവിതവും അച്ഛന് രണ്ടായിരുന്നില്ല. അനുഭവങ്ങൾ പകർത്തുമ്പോഴും, ധാർമിക നിലപാടുകൾ കവിതയിൽ വ്യഞ്ജിപ്പിക്കുമ്പോഴും സത്യസന്ധത പുലർത്തണമെന്ന് അച്ഛന് നിർബന്ധമായിരുന്നു. സ്വന്തം കർമത്തിലെ ഔന്നത്യമേ കവിതയിലും കാണാവു എന്നൊരു തരം നിർബന്ധം തന്നെ ഉള്ളപോലെ തോന്നിയിരുന്നു. അതുപോലെ ജീവിതത്തിലും ഒട്ടൊക്കെ കവിതയും വേണം എന്നുണ്ടായിരുന്നു. കവിതയും പ്രായോഗികജീവിതവും തമ്മിലുള്ള സഹവാസവും വിനിമയവും ഞങ്ങളുടെ വീട്ടിൽ ആരും പ്രത്യേകം സൂചിപ്പിക്കാതെ തന്നെ അംഗീകരിച്ച പ്രത്യേകതയായിരുന്നു. സ്കൂൾ പരീക്ഷയ്ക്ക് അതർഹിക്കുന്നതിലധികം ഗൗരവം കൊടുത്ത് കിണഞ്ഞു പഠിച്ചിരുന്ന ഞങ്ങളെ അച്ഛന് ഓർമപ്പെടുത്താതിരിക്കാൻ കഴിഞ്ഞില്ല നോക്കു. പരീക്ഷകൾ ഒരിക്കലും അവസാനിക്കുന്നില്ല. ഈ തിരക്കിൽ സ്വപ്നം കാണാനുള്ള നിങ്ങളുടെ കഴിവ് നഷ്ടപ്പെടാതിരിക്കട്ടെ!

ഗൃഹസദസ്സിലെ ചർച്ചകൾ സൗരയൂഥത്തിന്റെ പിറവി മുതൽ അയൽവക്കത്തെ വാറ്റുചാരായ കുടിൽ വ്യവസായത്തിന്റെ സാമ്പത്തിക സാമൂഹികവിശകലനം വരെ മിഴിവുറ്റതായിരുന്നു. ഭ്രമങ്ങ ളിലും മുൻവിധികളിലും കുടുങ്ങിപ്പോകാത്ത അച്ഛന്റെ മൗലികമായ ചിന്തയായിരുന്നു ആ ചർച്ചക ളെ ഒരായുഷ്ക്കാലാനുഭവമാക്കി മാറ്റിയത്. ഉദാഹരണത്തിന് കലയിലേയും സാഹിത്യത്തിലേയും നാടകീയതയെപ്പറ്റി അച്ഛന്റെ കാഴ്ചപ്പാട് പിൽക്കാലത്ത് ഞങ്ങളുടെ സാഹിത്യസംസ്കാരത്തെ വ ളരെ സ്വാധീനിച്ചിരുന്നു. നായികാനായകന്മാർ 'നിലവിളി'ക്കുന്നത് അച്ഛന്ന് ഇഷ്ടമായിരുന്നില്ല. വിലാ പത്തോടു പൊതുവേയുള്ള അനിഷ്ടം കൊണ്ടുമാത്രമല്ല, സൗന്ദര്യശാസ്ത്രപരമായി നിഷ്ഫലമായ ഒന്നാണ് അതെന്നായിരുന്നു അച്ഛന്റെ മതം. അച്ഛൻ ഒരുദാഹരണം പറയുമായിരുന്നു. വിരഹിണി യായ നായികയെ സംസ്കൃത നാടകത്തിൽ ഒരിക്കലും രംഗത്തു കൊണ്ടുവന്ന് 'ഞാൻ വിരഹാതു രയാണ്. നോക്കൂ എന്റെ മുടി അഴിഞ്ഞുലഞ്ഞാണ് കിടക്കുന്നത്. ഞാൻ കുളിച്ചിട്ടില്ല, വസ്ത്രം മാ റ്റിയട്ടില്ല' എന്നിങ്ങനെയുള്ള വിലാപം നടത്തിക്കാറില്ല മറിച്ച്, രണ്ട് ചേടിമാരെക്കൊണ്ടു പറയിക്കും. വിരഹാതുരയായ ദേവിയുടെ കിടപ്പ് കഠിനം തന്നെ. അഴിഞ്ഞുലഞ്ഞു കിടക്കുന്ന ആ മുടിക്കെട്ട് ഒ ന്ന് കെട്ടിവെക്കാൻ പോലും മിനക്കെടുന്നില്ല.' എന്നിങ്ങനെ. ഈ രണ്ടു രംഗവും താരതമ്യം ചെയ് തതു രസധ്വനിയിൽ ഒരു മൂന്നാമന്റെ പ്രാധാന്യത്തെപ്പറ്റി അച്ഛൻ പറയാറുണ്ടായിരുന്നു.

ഏതെങ്കിലും ഒരു പ്രത്യേക മണ്ഡലത്തിൽ പ്രാവീണ്യം നേടാൻ അച്ഛൻ ഞങ്ങളെ ഉപദേശിച്ചിരു ന്നില്ല.

'ഉപദേശത്തെ ശ്രദ്ധാപൂർവമേ കൈക്കൊൾവൂ നാ-
മപഥങ്ങളിൽ വീഴു-
മന്യർക്കായ് സമ്മാനിപ്പാൻ'

(താങ്കളുടെ ഉപദേശം)

എന്നതു മാത്രമല്ല, തലമുറയിലെ അന്തരവും, യാന്ത്രികയുഗത്തിന്റെ മുന്നേറ്റത്തെപ്പറ്റി സ്വയം ഒ രു നിലപാടെടുക്കാൻ അച്ഛന്ന് തോന്നിയിരിക്കാവുന്ന വൈഷമ്യവും (കുറ്റിപ്പുറം പാലത്തിനടയിലൂ ടെ ഇതിനിടക്ക് കാലം കുറേ പ്രവഹിച്ചിരുന്നു!) സർവോപരി, നാം ഇടത്തരക്കാർ എന്ന ബോധവും ആയിരിക്കണം ഈ മനോഭാവം സൃഷ്ടിച്ചത്. പക്ഷേ, ചെയ്യുന്നതെന്തിലും മൗലികത വേണം എ ന്നൊരു നിർബന്ധം ഉണ്ടായിരുന്നു. 'ഇത് മറെറാന്നിന്റെ പകർപ്പെന്നു മാത്രം' ആരെയുംകൊണ്ട് പ റയിക്കരുത്. 'അമ്പതുകൊല്ലം മുമ്പപ്പുറത്തെ' ലോകത്തേക്കാൾ സങ്കീർണമായ ഇക്കാലത്ത് വാഴ്ച വിന്നായി എന്തു ചെയ്യണം എന്നു പറഞ്ഞില്ലെങ്കിലും,

'ഇമ്മനശ്ശോഭയൊത്തിശ്ശരീര
സ്ഥേമാവഭംഗുരമാകനിങ്കൽ' എന്നൊരാശംസ എപ്പോഴുമുണ്ടായിരുന്നു.

അച്ഛൻ കവിതയെഴുതുന്നതിനാൽ മക്കളും ആ വഴി പിന്തുടരണം എന്നൊരു സങ്കല്പം അച്ഛന്ന് ഒട്ടും ഉണ്ടായിരുന്നില്ല. ഓരോരുത്തർക്കും ഓരോ വഴി. ആ വഴിക്ക് ചരിക്കുമ്പോൾ പക്ഷേ, തന്റേ ടത്തോടും പൗരുഷത്തോടും കൂടി വേണം സാധാരണക്കാരന്റെ,

'ചെല്ലാനിരിക്കാനിരുന്നുണ്ടൊരോർമ്മയു
മൊന്നു കുടഞ്ഞുടുത്തിങ്ങു പോരാൻ'

ഉള്ള പങ്കിനെ നർമബോധത്തോടെ സാധൂകരിക്കാൻ അച്ഛന്ന് കഴിഞ്ഞിരുന്നു. പ്രയോജനവാദ ത്തിലധിഷ്ഠിതമായ ഒരു ജീവിതചര്യയെപ്പറ്റി അച്ഛന്ന് അഭിപ്രായമുണ്ടായിരുന്നില്ല. ഉണ്ണിക്ക് പാകമ ല്ലാത്തതുമൂലം പട്ടുകുപ്പായം എറിഞ്ഞുകളയണമെന്നില്ല. പിൽക്കാലത്ത് എന്റെ ജ്യേഷ്ഠത്തി കുട്ടി കളെ ഉറക്കാൻ പാടിക്കൊടുത്തിരുന്ന 'പട്ടുകുപ്പായം' എന്ന കവിതയുടെ സ്മരണ കുപ്പായത്തിൽ ചെമ്മണ്ണു പുരണ്ട ഓരോ ഘട്ടത്തിലും നോവിക്കുന്ന ഒന്നായിരുന്നു. 'കായിൻ പേരിൽ പൂ മതിക്കു വോരെ' പറ്റി അച്ഛൻ വിലപിച്ചിരുന്നെങ്കിലും, അവരോടുള്ള പരിഹാസഭാവം ആ ചിന്തയിലെ ഒര ന്തർധാരയായിരുന്നു.

കവിതയും ശുഭാപ്തിവിശ്വാസവുമായിരുന്നു അന്യഥാ ക്ളേശകരമായ ആ ജീവിതത്തിലെ പ്രേ രകശക്തി.

'എനിക്കു രസമീ നിമ്നോന്നതമാം
വഴിക്കു തേരുരുൾ പായിക്കൽ
ഇതേതിരുൾക്കുഴി മേലുരുളട്ടെ
വിടില്ല ഞാനീ രശ്മികളെ'

(അമ്പാടിയിലേക്കു വീണ്ടും)

ജീവിതം, അതെന്തും ഉൾക്കൊള്ളട്ടെ, ആഘോഷിക്കേണ്ട ഒന്നായിരുന്നു. കയ്പേറിയ അനുഭ വങ്ങളെ, തീവ്രതയോടെയെങ്കിലും, ദാർശനിക ബോധത്തോടെ പകർത്തുന്നത് സ്വന്തം ജീവിത സാഹചര്യത്തെ തന്നെ സാധാരണത്വത്തിൽനിന്നുയർത്താൻ അച്ഛനെ സഹായിച്ചു.

‘ന,ന്നിളവറ്റ ഫലിതവാക്യങ്ങളാൽ-
ത്തന്നെയുടുപ്പിട്ടു നഗ്നമെൻ മാന്യത;
നീട്ടീല കൺകളിക്കീറത്തുണിയിൽ, ഞാൻ
പൊട്ടിച്ചിരിപ്പിച്ചു പോന്നോരാ പ്രേക്ഷകർ.’

(മറ്റേ മുണ്ട്)

ഈ വിദ്യ ജീവിതത്തിലുടനീളം അച്ഛൻ അഭ്യസിച്ചിരുന്നു.

‘പേടിയെ വിട്ടിനി മറ്റൊന്നിനെയും പേടിക്കാനില്ലുലകത്തിൽ.’

(വിഷപ്പാമ്പ്)

‘കൂരതേ നീതാനത്രേ ശാശ്വതസത്യം’

(പൂജാപുഷ്പം)

എന്നെല്ലാം വ്യക്തിദുഃഖത്തെ സ്ഫുടം ചെയ്ത് അതിനെ സാന്ത്വനത്തിന്റെ, വെളിപാടിന്റെ, ആഹ്ലാദത്തിന്റെ പോലും തലത്തിലേയ്ക്ക് ഉയർത്താൻ കഴിഞ്ഞത് അച്ഛൻ കവിയായതുകൊണ്ട് മാത്രമായിരുന്നു.

അച്ഛൻ ആസ്തികനായിരുന്നുവെങ്കിലും, ഈശ്വരവിശ്വാസം വ്യക്തി തലത്തിൽ ഒതുക്കി. ധർമബോധത്തിനാണ് സാമൂഹ്യതലത്തിൽ പ്രാധാന്യം കൊടുക്കേണ്ടത് എന്ന് വിശ്വസിച്ചു. നന്മയും ആസ്തിക്യവും കൂട്ടിക്കുഴക്കേണ്ട ആവശ്യമില്ല; നിരീശ്വരന്മാരായ എത്രയോ മഹാത്മാക്കൾ ഉണ്ടല്ലോ എന്നായിരുന്നു മനോഭാവം.

‘അജ്ഞേയതയെ പേടിക്കുന്നൂ
ചിലർ, ചിലർ വാഴ്ത്തി നടക്കുന്നു;
പേടിപ്പോർ പകവെപ്പൂ, വാഴ്ത്തിന-
ടപ്പവർ നേടുന്നതിലാഭം.’

(ബിംബിസാരന്റെ ഇടയൻ)

‘നിസ്വതയിന്മേൽ കർമഫലത്താൽ വീണ്ടും കീറലുടുപ്പിക്കൂ,
നിസ്വതയിന്മേൽ കർമഫലത്താൽ വീണ്ടും കേഴലുദിപ്പിക്കൂ,
നിസ്വതനിലനിർത്താനായുള്ളോരു തത്വജ്ഞാനമുയർത്തുമ്പോൾ
മർത്യനെ വാരിപ്പുണരാൻവെമ്പും മർത്യനതിന്മേൽ തുപ്പുന്നു.’

(ചകിരിക്കുഴികൾ)

ആസ്തിക്യത്തെപ്പറ്റിയും, മത്രപ്രബോധനങ്ങളെപ്പറ്റിയും ഉള്ള അച്ഛന്റെ കാഴ്ചപ്പാട് ഈ വരികളിൽ സ്ഫുരിക്കുന്നുണ്ട്.

സാമ്പത്തികപ്രശ്നങ്ങൾ അച്ഛനെ എക്കാലവും അലട്ടിയിരുന്നു. അവസാനകാലത്തുമാത്രമാണ് കടങ്ങളിൽനിന്നും അച്ഛന്ന് വിമുക്തനാകാൻ സാധിച്ചത്. സ്വന്തം നിലയിൽ ആധാരമെഴുത്ത്, വസ്തുതർക്കങ്ങളിൽ മാധ്യസ്ഥം തുടങ്ങിയ ജോലികൾ ചെയ്താണ് അച്ഛൻ കുടുംബം പുലർത്തിയിരുന്നത്. സാഹിത്യകൃതികളിൽനിന്നുള്ള വരുമാനം തുച്ഛമായിരുന്നു. അച്ഛൻ ജോലി ചെയ്തിരുന്ന മുറി ഇടുങ്ങിയതും, പൊടിപിടിച്ചതും, റെക്കോഡ് കെട്ടുകൾ നിറഞ്ഞതുമായിരുന്നു. ഈ ചുറ്റുപാടുകളും ഉച്ചപ്പഷ്ണിയും പരുത്ത യാഥാർഥ്യങ്ങളായി അച്ഛനെ എങ്ങിനെ ബാധിച്ചിരിക്കാമെന്ന് ഊഹിക്കാനേ പറ്റു. സാധാരണ ഒരാൾ തളർന്നു വീഴുന്ന ഈ സാഹചര്യത്തിൽപ്പോലും ‘ഹേ ലക്ഷ്മീദേവീ നീയും കേറിക്കുടൊല്ല നിന്നോമന ദുരിതശതം കൂടിയും പെറ്റുകൂട്ടാൻ’ എന്ന് ആത്മാർഥമായിത്തന്നെ അച്ഛൻ പ്രാർഥിച്ചിരുന്നു! ഈ അരിഷ്ടത അവശ്യം വേണ്ടതായ സ്വന്തം ചില ആഗ്രഹങ്ങളെപ്പോലും നിറവേറ്റുന്നതിൽ പ്രതിബന്ധമായി കിടന്നിരുന്നു. എന്നാലും കാലക്രമേണ ലളിതമായിട്ടെങ്കിലും കുടുംബാംഗങ്ങളുടെ ആവശ്യങ്ങൾ എല്ലാം തന്നെ ഭംഗിയായി നടത്തിക്കൊടുക്കാൻ അച്ഛന്നു കഴിഞ്ഞു-അതിനു കൊടുക്കേണ്ടിവന്ന വില വിശ്രമമില്ലാത്ത ജീവിതമായിരുന്നു എന്നുമാത്രം. രണ്ടാമത്തെ മകനെ വളരെ ചെറുപ്പത്തിൽ ജോലിക്കയക്കേണ്ടി വന്ന നിസ്സഹായതയിൽ അച്ഛന്ന് വളരെ ഖേദമുണ്ടായിരുന്നു.

‘വീരനെങ്കിലുമസ്മദരാതിയെ
നേരിടുന്നതിനല്ലല്ലോ-
വിജ്ഞനെങ്കിലുമറിവുവിതച്ചീ-
വിശ്വമുണർത്താനല്ലല്ലോ-
പോയതെന്തിനു നീ, എൻ ദുഃഖം
മായുവോന്നല്ലോർപ്പോളം:
നീ വിദേശത്തലയുന്നല്ലോ
ജീവിക്കാനൊരു തൊഴിൽ തേടി!’

(ഒരമ്മ പാടുന്നു)

എന്ന വരികളിൽ ആ തേങ്ങൽ നിർലീനമായിരിക്കുന്നു.

സ്വന്തം വേദനകളെ തരിമ്പും പുറത്തു കാണിക്കാത്ത പ്രകൃതം അച്ഛന്ന് അന്ത്യംവരെ ഉണ്ടായിരുന്നു. അത്ര സാരമല്ലെന്ന് കരുതിയിരുന്ന ഉദര സംബന്ധമായ അസുഖത്താൽ ഏതാനും ആഴ്ചകളായി ക്ലേശിച്ചിരുന്ന അച്ഛനോട് ഒരു സ്നേഹിതൻ കോഴിക്കോട് മെഡിക്കൽ കോളേജ് ആസ്പ്രതിയിൽ ചികിത്സയ്ക്കുപോകാൻ നിർദേശിച്ചു. സ്വന്തം ജോലിത്തിരക്കു മാത്രമല്ല ആസ്പത്രിയിൽ പോയി കിടക്കാൻ മാത്രം സാരമാണ് തന്റെ രോഗം എന്ന് മറ്റുള്ളവരെ അറിയിക്കാനുള്ള വൈമുഖ്യവും കൂടി ആയിരിക്കാം അച്ഛൻ ആ നിർദേശം സ്വീകരിക്കാതിരിക്കാൻ കാരണം. അതെത്രത്തോളം നിർഭാഗ്യകരമായെന്ന് പിന്നീടുള്ള സംഭവങ്ങൾ തെളിയിച്ചു. വളരെ താമസിയാതെ, ജോലിചെയ്തുകൊണ്ടിരിക്കുമ്പോൾ പെട്ടെന്നുണ്ടായ ഹൃദയസ്തംഭനം ആ ജീവനെ അപഹരിച്ചു. സ്വന്തം കർമത്തിൽ വ്യാപൃതനായിരിക്കെത്തന്നെ അച്ഛന്റെ ആത്മാവ് വിടപറഞ്ഞു എന്നെല്ലാം ആശ്വസിക്കാമെങ്കിലും, ഞങ്ങൾക്ക് നഷ്ടപ്പെട്ടത് ഞങ്ങളുടെ അച്ഛനെയായിരുന്നു  മഹാനായ അച്ഛനെ.

മദിരാശി
16-01-85